● കത്ത്

# നദികൾ സംയോജിപ്പിക്കും മുമ്പേ...
# ബഹുമാനപ്പെട്ട പ്രസിഡന്റിന്, ക്ഷമാപണപൂർവ്വം...

## മേധാപട്കർ

**പരിഭാഷ : കാര്യാടൻ**

**സാദ്ധ്യതാപഠനങ്ങളോ പരിസ്ഥിതിക്കുണ്ടായേക്കാവുന്ന ദുരന്തങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങളോ നദികൾ സംയോജിപ്പിക്കുംമുമ്പേ നടന്നിട്ടില്ല. നടത്താൻ ആലോചനയുമില്ല. എന്നിട്ടും നദീ സംയോജനം ത്വരിതപ്പെടുത്തുവാൻ പ്രസിഡന്റ് കലാം ആവശ്യപ്പെടുന്നു. ഈ ആവശ്യം നിലവിലുള്ള നിയമങ്ങളേയും നയങ്ങളേയും മറികടക്കലിൽ കലാശിക്കുമെന്ന് മേധാപട്കർ പ്രസിഡന്റിനുള്ള കത്തിൽ സമർത്ഥിക്കുന്നു.**


പ്രിയപ്പെട്ട ബഹുമാന്യ പ്രസിഡന്റ് ശ്രീ എ.പി. അബ്ദുൾ കലാം,

ഭീതിയോടെയാണ് അങ്ങയുടെ സ്വാതന്ത്ര്യദിന പ്രഭാഷണം ഞാൻ വായിച്ചത്. പദ്ധതി വേണ്ടത്ര മുൻകൂറായി നിജപ്പെടുത്തിയതല്ലെന്ന് രേഖകൾ പറയുന്നു. അത് സാമൂഹികമായി നീതീകരിക്കാവുന്നതോ സാമ്പത്തികമായി വിജയിപ്പിക്കാവുന്നതോ സാങ്കേതികമായി നടപ്പിലാക്കാനാവുന്നതോ ആണെന്ന് ഇനിയും പഠനം നടത്തി സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിർദ്ദിഷ്ട പ്രദേശങ്ങളിലെ പുന:സ്ഥാപിക്കേണ്ടിവരുന്ന അണക്കെട്ടുകളുടേയും ജലസംഭരണികളുടേയും പാരിസ്ഥിതിക ഭീഷണിയും കോടിക്കണക്കിന് ജനങ്ങൾക്ക് ഇത് മൂലമുണ്ടാവുന്ന ജീവസന്ധാരണ പ്രശ്നങ്ങളും ഭീകരമാണെന്ന് അങ്ങേക്ക് അറിയാം.

ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട നടപടി ത്വരിതപ്പെടുത്താനുള്ള അങ്ങയുടെ ഊന്നൽ സാങ്കേതിക പഠനങ്ങളും യഥാർത്ഥ സാമൂഹിക പാരിസ്ഥിതിക ആഘാതപഠനവും വേണ്ടത്ര സമയമെടുത്ത് ശരിയാംവിധം ചെയ്യാനുള്ള സാഹചര്യം കുറച്ചേക്കാം. സാമൂഹിക പാരിസ്ഥിതിക ഭദ്രതയുറപ്പ് വരുത്താനുള്ള വിവിധ നിയമങ്ങളേയും നയങ്ങളേയും മറികടക്കുന്നതിനുള്ള പ്രേരണയായിത്തീർന്നേക്കാം അങ്ങയുടെ പ്രസംഗം. നമ്മുടേത് പോലുള്ള ഒരു ജനായത്തവ്യവസ്ഥയിൽ ഇത്തരം ഒരു ഭീമൻ പദ്ധതി നിരന്തരം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ജനപങ്കാളിത്തമുറപ്പ് വരുത്താനുതകുന്ന പെസാ (PESA-Panchayatraj Extended to Scheduled Areas) 1996 പോലുള്ള നിയമവ്യവസ്ഥകൾ മറികടക്കാനിടവരരുത്.

11-ാം ദേശീയ ജലകൺവെൻഷനിലെ പ്രസംഗം ഇത്തരം വിഷയങ്ങളിൽ അങ്ങയുടെ വൈകാരികബന്ധവും നിലപാടും നിർദ്ദേശങ്ങളും വ്യക്തമാക്കുന്നതാണ്. ഓരോ നദീ സംയോജനവും പുതിയ അണക്കെട്ടുകളും സംഭരണികളും സുദീർഘ തോടുകളും ഉൾപ്പെട്ടതാണ്. ഉദാഹരണത്തിന് കെൻ-ബെധ്വ സംയോജനത്തിൽ ആറ് അണകെട്ടുകളുണ്ട്. എന്നാൽ സാധ്യതാ പഠനത്തിൽ ഒരേ ഒരു അണക്കെട്ടിന്റെ സാമൂഹിക-പാരിസ്ഥിതിക ബാദ്ധ്യതകളെ ഉപരിപ്ലവമായ രീതിയിൽ പോലും മാത്രമേ പരാമർശിക്കുന്നുള്ളൂ.

ഇന്ത്യയിൽ 4 കോടി ജനങ്ങൾ അണക്കെട്ടുകൾ മൂലം ഭവനരഹിതരായിട്ടുണ്ട്. ബന്ധപ്പെട്ട ജോലികളുടെ ഫലമായി




സ്വദേശത്ത് നിന്ന് ബഹിഷ്കരിക്കപ്പെട്ട കോടികണക്കിന് സാധാരണ ജനങ്ങൾക്ക് കണക്കില്ല. ആദിവാസികളും ദളിതരുമാണ് ഇത്തരം ത്യാഗങ്ങൾ ചെയ്യേണ്ടിവരുന്നവരിലധികം. അവർക്കൊരിക്കലും വാഗ്ദത്ത പ്രതിഫലം കിട്ടാറുമില്ല.

അനുഭവത്തിൽ നിന്നുള്ള പാഠങ്ങളുൾക്കൊണ്ടാൽ ഇത്തരം നിഷ്കാസിതർക്ക് സാമ്പത്തികവും സാമൂഹികവുമായ വീഴ്ചതാഴ്ചകൾ അനുഭവിക്കേണ്ടി വരുന്നതായി കാണാം. ഭൂമിക്ക് പകരം ഭൂമി അഥവാ തൊഴിലിന് പകരം തൊഴിൽ എന്ന വാഗ്ദാനങ്ങൾ നടപ്പിലാകാറില്ല. കുന്നുമ്പ്രദേശങ്ങളിൽ നിന്ന് സമതലങ്ങളിലേക്ക് മാറ്റപ്പെടുന്ന ഇവർക്ക് കാടുകളിൽ നിന്നകലുന്നത് മൂലം ജീവിതമാർഗ്ഗങ്ങൾ അടയുന്നു. അവഗണിക്കപ്പെട്ട സമുദായങ്ങൾക്ക് മനുഷ്യാവകാശം പോലും നിഷേധിക്കപ്പെടുന്നു. അവരുടെ സാമൂഹ്യ

ഘടനയും സംസ്കാരവും നശിപ്പിക്കപ്പെടുന്നു. നമ്മുടെ പുനരധിവാസ ചരിത്രം പരിതാപകരമാണ്. അണക്കെട്ടു പ്രദേശങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരിൽ 25% ൽ താഴെ മാത്രമേ പുനഃരധിവസിക്കപ്പെട്ടിട്ടുള്ളൂ. ബക്റയിലേയും തെഹ്‌രിലേയും നിഷ്കാസിതർക്ക് ഇനിയും ഭൂമിയോ ജീവിതമാർഗ്ഗമോ പ്രതിഫലമോ നല്കിയിട്ടില്ല.

ഇത്തരം പദ്ധതികൾക്ക് മറ്റുപല പരിസ്ഥിതിവിരുദ്ധ തലങ്ങളുമുണ്ട്. പ്രമുഖ കാർഷിക പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും അത്തരം നഷ്ടം ഉൽപാദിപ്പിക്കുന്ന വൈദ്യുതികൊണ്ട് മാത്രം നികത്താനാവാതെയും വരിക, കാടുകൾ വെള്ളത്തിനടിയിലാവുക, അപൂർവ്വ സസ്യ-ജീവജാലങ്ങൾ നശിച്ച് പോവുക, ഭൂമിയിൽ ഓര് കയറുക (Salination) തുടങ്ങിയ നിരവധി പ്രശ്നങ്ങൾ. സർദാർ സരോവർ പദ്ധതിമാത്രം 14,000 ഹെക്ടർ കാട് വെള്ളത്തിനടിയിലാക്കും. നർമ്മദാ സാഗർ പദ്ധതി മൂലം 40,000 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലായിട്ടുണ്ട്. അനുയോജ്യമല്ലാത്ത മണ്ണിലൂടെ തോടുകൾ നിറഞ്ഞൊഴുകുമ്പോൾ അത് ഓരു പ്രദേശവും വെള്ളക്കെട്ടുമായി മാറുന്നു. 17% ജലസേചിത ഭൂമി ഇപ്രകാരം (1980 ലെ കണക്ക് പ്രകാരം) ഓര് പ്രദേശമായി മാറിയിട്ടുണ്ട്. ചമ്പൽ പ്രദേശത്ത് 100,000 ഹെക്ടർ ഭൂമി വെള്ളക്കെട്ടായി ഉപയോഗശൂന്യമായി പോയിട്ടുണ്ട്.

നമ്മുടെ ജലദൗർലഭ്യ പ്രശ്നം പരിഹരിച്ചേ തീരൂ. പ്രസിഡന്റെന്നനിലയിൽ ഇക്കാര്യത്തിൽ അങ്ങയുടെ ഉത്സാഹം ശ്ലാഘനീയമാണ്. പക്ഷേ വെള്ളപ്പൊക്ക പ്രശ്നം നിയന്ത്രണം കൊണ്ട് നേരിടണമോ? അതോ വെള്ളംതിരിച്ച് വിടുകവഴി നേരിടണമോ? ചോദ്യത്തിന്റെ ഉത്തരം ലോകം തിരിച്ചറിഞ്ഞുകഴിഞ്ഞു: പാടില്ല. ശരിയായ ഉത്തരം വെള്ളപ്പൊക്ക മാനേജ്മെന്റ് ആണ്. മറ്റു സാദ്ധ്യതകളും നാം ആരായണം. കേന്ദ്രീകൃത ഭീമപദ്ധതികൾകൊണ്ട് ആർക്കാണ് നേട്ടമെന്നും ആരുടെ ചിലവിലാണ് അവർ നേട്ടമുണ്ടാക്കുന്നതെന്നും കണ്ടെത്തണം. നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നവരുടേത് എപ്പോഴും ഋണാനുഭാവമാണ്. അങ്ങയുടെ നിലവാരത്തിലുള്ള ഒരാൾ, സാമൂഹ്യനീതിക്കുവേണ്ടി സ്വയം സമർപ്പിച്ചിട്ടുള്ള ഒരാൾ, ഒന്നുമില്ലാത്തവരിൽ നിന്ന് പിടിച്ചുവാങ്ങുകയും ഉള്ളവർക്ക് കൊടുക്കുകയും ചെയ്യുന്ന ഒരു പദ്ധതിയുടെ ഭാഗഭാക്കായിക്കൂടാ.

മഴവെള്ളസംഭരണം; ചെറുകിട ജലസേചനം, എസ്.ആർ.ഐ. അടക്കമുള്ള കൃഷിരീതികൾ തുടങ്ങി വളരെയധികം നിലനില്ക്കുന്ന ചിലവ് കുറഞ്ഞ മാർഗ്ഗങ്ങളുണ്ട് നമ്മുടെ ജലക്ഷാമം പരിഹരിക്കാൻ. System of Rice Intensification (SRI) ജലാവശ്യം പകുതിയാക്കികുറയ്ക്കുകയും വിളവ് ഇരട്ടിയാക്കുകയും ചെയ്യും. രാസവളങ്ങളുടെ ആവശ്യം കുറയ്ക്കുകയും ചെയ്യും. ഇത്തരം മാർഗ്ഗങ്ങൾ ലളിതവും പണച്ചിലവ് കുറഞ്ഞതും തല്പരകക്ഷികൾക്കെല്ലാം തുല്യനീതി ലഭ്യമാക്കുന്നതുമാണ്.

പടിഞ്ഞാറ്, പല രാജ്യങ്ങളും വൻ അണക്കെട്ടുകളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുകയാണ്. ഭീമാകര അണക്കെട്ടുകൾ പുതുതായി പണിയുന്ന അതേ തെറ്റുകൾ നാം ആവർത്തിക്കാതിരിക്കുക. ഭക്രാ പദ്ധതിയെ പ്രശംസിച്ച് 3 വർഷത്തിനുള്ളിൽ പണ്ഡിറ്റ് നെഹ്റുവിന് പറയേണ്ടി വന്നപോലെ നമ്മൾ "ഭീമാകാരതയുടെ സൂക്കേട്" വരുത്തിവെക്കാതിരിക്കുക. പകരം, ഇന്ത്യക്ക് സ്വന്തം പ്രശ്നങ്ങൾക്ക് സ്വന്തം വഴികളിലൂടെ നിലനിൽക്കുന്നതും കൗതുകകരവും സ്വതസിദ്ധവുമായ പരിഹാരങ്ങൾ കണ്ടെത്താനാവുമെന്ന് തെളിയിച്ചു കൊടുക്കാം.

ബഹുമാനപുർവ്വം,
അങ്ങയുടെ വിശ്വസ്ത
**മേധാ പട്ക്കർ**


## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

- **മനുഷ്യബോധം എന്ന അത്ഭുതം**
  മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
  കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
  ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി
- **ആയുർവ്വേദത്തിന്റെ ആരോഗ്യം?**
  ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- **സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ**
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- **മഴ - അറിവ്, അനുഭവം**
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- **കുടുംബം, ലൈംഗികത**
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- **കൃഷിയുടെ വർത്തമാനം, ഭാവി?**
- **സഹകരണമേഖലയുടെ വർത്തമാനം**

## കേരളീയം പുസ്തകശാല

കേരളീയം പ്രസ്സ് ആദ്യപുസ്തകം

**ജാഗ്രതയുടെ കാവൽമാടം-**
**കേരളീയം കാലങ്ങളിലൂടെ**

കഴിഞ്ഞ 100 ലക്കങ്ങളിലെ
ഏറ്റവും ശ്രദ്ധേയമായവ വൈവിധ്യത്തോടെ
സമാഹരിക്കുന്നു

**എഡിറ്റർ : കെ.ആർ. ഇന്ദിര**

**പോസ്റ്റ് മാർക്സിസം**

**എഡിറ്റർ : ദിലീപ്‌രാജ്**

**കാറ്റലോഗിനും പ്രീ പബ്ലിക്കേഷനും എഴുതുക.**
കേരളീയം
കൊക്കാലെ, തൃശൂർ-21